ഫാർമസി സ്റ്റോർ റൂം, ഒ.പി.ബ്ലോക്ക് എക്സ്റ്റൻഷൻ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കോൺഫറൻസ് ഹാൾ എന്നിവയുടെ നിർമ്മാണത്തിനായി 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2015-16-ലെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(ബി) അടിസ്ഥാന സൗകര്യ വികസനത്തിന് 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2015-16-ലെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടില്ല.

(സി) പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പകർച്ചവ്യാധികൾ തടയാൻ ജീവനക്കാരും മരുന്നും

51 (3482) ശ്രീ. ടി. യു. കുരുവിള :

ശ്രീ. സി. എഫ്. തോമസ് :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതിരിക്കുവാൻ സർക്കാർ ആശുപത്രി കളിൽ മതിയായ ജീവനക്കാരും മരുന്നും ഉണ്ടെന്ന് ഉറപ്പ് വരുത്താൻ പ്രത്യേക മോണിറ്ററിംഗ് സെൽ ജില്ലാ തലങ്ങളിൽ രൂപീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മഴക്കാല രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും അവലോകനം ചെയ്യുവാനും പ്രത്യേക മോണിറ്ററിംഗ് സെൽ (ജില്ലാ പൊതുജനാരോഗ്യ ടീം) എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. പകർച്ച വ്യാധികളുണ്ടാവുമ്പോൾ ഉടൻതന്നെ മരുന്നും ചികിത്സയും ഡോക്ടർമാരുടെ ലഭ്യതയും ഉറപ്പാക്കൽ, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ തുടങ്ങിയവ ഇതുവഴി ഉറപ്പാക്കുന്നു. ഇതുകൂടാതെ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസുകളിലും 24x7 കൺട്രോൾ റൂം രൂപീകരിച്ച് പകർച്ചവ്യാധി റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ അടിയന്തര നടപടികൾ സ്വീകരിക്കുവാനുള്ള നിർദ്ദേശങ്ങൾ അതാത് സ്ഥാപനങ്ങൾക്ക് നൽകുകയും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ഐ.ഡി.എസ്.പി.-യുടെ പ്രതിവാരയോഗങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ മെഡിക്കൽ ആഫീസിലും സംസ്ഥാന ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോജക്ട് സ്റ്റേറ്റ് സർവൈലൻസ് യൂണിറ്റിലും നടത്തി രോഗം പൊട്ടിപ്പുറപ്പെടുവാനുള്ള സൂചന മുൻകൂറായി റിപ്പോർട്ട് ചെയ്യുകയും അതിനനുസരിച്ചുള്ള രോഗനിയന്ത്രണ പ്രവർത്തനങ്ങൾ ഉറപ്പാക്കുകയും ചെയ്യുവരുന്നുണ്ട്. രോഗം റിപ്പോർട്ട് ചെയ്ത പ്രദേശങ്ങൾ വിദഗ്ധർ അടങ്ങിയ സംഘം സന്ദർശിച്ച് വേണ്ട നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും ജില്ലാ സംസ്ഥാന തലത്തിലുള്ള ദ്രുതകർമ്മ സേനയും ചേർന്ന് പകർച്ചവ്യാധികളുടെ കാര്യകാരണ വിശകലനം ഉൾപ്പെടെയുള്ള പഠനം നടത്തിവരുന്നുണ്ട്.

പകർച്ചവ്യാധികളുടെ വ്യാപനം

52 (3483) ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പനിയും പകർച്ച വ്യാധികളും പടർന്നുപിടിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പനിബാധിതരായി സർക്കാർ ആശുപത്രികളിൽ മാത്രം ദിനംപ്രതി എത്ര പേർ എത്തിച്ചേരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം തരത്തിൽപ്പെട്ട പനിയും പകർച്ച വ്യാധികളുമാണ് പടർന്നു കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ വിവിധയിനം പനികളും പകർച്ച വ്യാധികളും പിടിപെട്ട് എത്രപേർ മരണമടഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫുകളുടെയും ഒഴിവുകളുണ്ടോ ; ഉണ്ടെങ്കിൽ എത്ര വീതം ; ആവശ്യത്തിന് ഡോക്ടർമാരും, നഴ്സുമാരും മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകളും ഇല്ലാത്തതിനാൽ ആശുപത്രികളുടെ പ്രവർത്തനം പ്രതിസന്ധിയിലായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly